പ്രൈമറി സ്കൂൾ.

283. [5] ശ്രീ. പി. എം മാക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജയപുരത്ത് അയർക്കുന്നം ചന്തയ്ക്കും ബസ്സ് സ്റ്റാൻഡിനും സമീപമുള്ള ഗവണ്മെൻറ് പ്രൈമറിസ്കൂൾ നിലവിലുള്ള സ്ഥാനത്തുനിന്നും മാറ്റി സ്ഥാപിക്കണമെന്ന് ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാരണം എന്താണ് ?

ഉത്തരം.

(എ) തീരുമാനിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ട്രാൻസ്ഫോർട്ട് കണ്ടക്ടറന്മാരുടെ സസ്പെൻഷൻ.

284. [7] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955 മേയ്, ജൂൺ ഈ മാസത്തിൽ കൊല്ലം ഡിസ്ട്രിക്ടിൽ എത്ര ട്രാൻസ്പോർട്ട് കണ്ടക്ടറന്മാരെ സസ്പെൻറ ചെയ്തു; അതിനു വിധേയരായവർ ആരെല്ലാമാണ്;

(ബി) കാരണത്തിന്റെയും പേരിലുള്ള കുറ്റമെന്താണ് ?

ഉത്തരം

(എ) രണ്ട്

1. കെ. രാഘവൻ
2. കെ. കൃഷ്ണൻ.

(ബി) 1. പണം പറഞ്ഞുകൊണ്ട് ടിക്കറ്റ് കൊടുക്കാതിരിക്കുക.

2. അനധികൃതമായ പണപ്പിരിവ്.

Dispensary at Kadukutty (Near Chalakudy).

285. [8] SHRI A. A. D. LUIZ: Will the Minister for Health be pleased to state whether the Government proposes to start a dispensary at Kadukutty (near Chalakudy)?

Answer

No.

കോട്ടക്കൽ ഏലാ ഡെവലപ്പ്മെൻറ് സ്കീം.

286. [10] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടക്കൽ ഏലാ ഡെവലപ്പ്മെൻറ് സ്കീമിനെപ്പറ്റി അന്വേഷണം നടത്തി എസ്റ്റിമേറ്റ് തയാറാക്കുന്നതിനു സ്പെഷ്യൽ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ നിയമിക്കണമെന്ന് ഗവണ്മെൻറിനോടു ശുപാർശ ചെയ്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly